KSEB

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
**രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,**
**തിരുവനന്തപുരം -695004 , കേരളം.**
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ poksеb@gmail.com

നം. പി.എസ്. എ/177/M&D/2016 തീയതി: 04.04.2022

# പരിപത്രം

വിഷയം: - 5-4-2022-ൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന അർദ്ധ ദിന സത്യാഗ്രഹം – സംബന്ധിച്ച്

സൂചന :-1. കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷന്റെ 2-4-2022 തീയതിയിലെ കത്ത്
2. 29/3/2022 ലെ സി.എം.ഡി/106/സ്ട്രൈക്ക്/2022 നമ്പർ ഉത്തരവ്.
3. റിറ്റ് പെറ്റീഷൻ 10478/2022 (S) ൽ 28-3-2022-ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധി
4. 28-3-2022-ലെ G.O.(P) No. 10/2022/GAD നമ്പർ സർക്കാർ ഉത്തരവ്
5. 21-1-1985-ലെ 142749/SSI/84/GAD നമ്പർ സർക്കാർ സർക്കുലർ
6. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം, 1960 – റൂൾ 86.

1. ഒന്നാം സൂചനയിൽ പ്രഖ്യാപിച്ചിരിക്കുന്ന 5-4-2022-ലെ അർദ്ധദിന സത്യാഗ്രഹം ഡ്യൂട്ടി സമയത്താകയാൽ സൂചനകൾ 3-ന്റെയും, 5-ന്റെയും തുടർച്ചയായി രണ്ടാം സൂചനയായി കെ.എസ്.ഇ.ബി.എൽ പുറപ്പെടുവിച്ച സമരം / ജോലി ബഹിഷ്കരിക്കൽ സംബന്ധിച്ച ഉത്തരവിലെ നിബന്ധനകൾ ആയതിന് ബാധകമായിരിക്കും.

2. മേൽ സൂചന 3, 5 പ്രകാരം, ഡ്യൂട്ടി ബഹിഷ്കരിക്കുന്ന ഉദ്യോഗസ്ഥർക്ക് ആ ദിവസം ഡയസ് നോൺ ബാധകമാകുന്നതാണ്. അപ്രകാരം പ്രസ്തുത ദിവസം (5-4-2022) ഡയസ് നോൺ ആയി കണക്കാക്കുന്നതായിരിക്കും..

3. സർവ്വീസ് സംഘടനയ്ക്ക് ട്രേഡ് യൂണിയൻ നിയമപ്രകാരമുള്ള പണിമുടക്കമോ തൊഴിൽ ബഹിഷ്കരണമോ അനുവദിക്കാൻ ആവില്ല എന്ന് ബഹു. ഹൈക്കോടതിയുടെ സൂചനയിലെ വിധിയുള്ള സാഹചര്യത്തിൽ തൊഴിൽ ബഹിഷ്കരിച്ചുള്ള പ്രസ്തുത സത്യാഗ്രഹം അച്ചടക്ക ലംഘനമായി കണക്കാക്കി സത്യാഗ്രഹത്തിൽ പങ്കെടുക്കുന്നവർക്കെതിരെ അച്ചടക്ക നടപടി പ്രത്യേകം സ്വീകരിക്കുന്നതാണ്.

4. 22-03-2022-ലെ കെ.എസ്.ഇ.ബി.എൽ സർക്കുലറിൽ പറഞ്ഞ പ്രകാരം അല്ലാതെയുള്ള അടിയന്തിര സാഹചര്യം ഒഴിച്ചുള്ള യാതൊരുവിധ അവധി അപേക്ഷയും നിയന്ത്രണാധികാരികൾ സ്വീകരിക്കാൻ പാടുള്ളതല്ല.

5. ഡ്യൂട്ടി സമയത്ത് ജോലി ബഹിഷ്കരിച്ച് അർദ്ധദിന സത്യാഗ്രഹത്തിൽ പങ്കെടുക്കുന്നവരുടെ പേരും തൊഴിൽ വിശദാംശവും 5-4-2022-ന് വൈകിട്ട് 5 മണിയ്ക്ക് മുമ്പായി ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ചീഫ് പേഴ്സണൽ ഓഫീസർക്കും ഫിനാൻസ് ഡയറക്ടർക്കും മേൽ നടപടി സ്വീകരിക്കാനായി റിപ്പോർട്ട് ചെയ്യേണ്ടതാണ് .

ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കു വേണ്ടി

**സെക്രട്ടറി (ഭരണം)**

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, & ഐ.റ്റി) ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)/ ടി. എ ടു ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം) ടി. എ ടു ഡയറക്ടർ {ജനറേഷൻ & ഇലക്ട്രിക്കൽ} ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)/ ടി. എ ടു ഡയറക്ടർ {റീസ്, സ്പോർട്സ് & വെൽഫയർ} എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.